കൂട്ടമത്ത കുന്നിയൂർ കുഞ്ഞികൃഷ്ണക്കുറുപ്പ്

സി. കെ. മൂസ്സത്

കേരളത്തിലെ കണ്ണൂർജില്ലയ്ക്ക് മഹത്തായ പാരമ്പര്യമുണ്ട്. രാഷ്ട്രീയ പ്രബുദ്ധതയിൽ എന്നപോലെ സാഹിത്യരംഗത്തും. പയ്യന്നൂരിലെ പ്രസിദ്ധമായ ഉപ്പുസത്യാഗ്രഹം, കരിവെള്ളൂരിലെ ഭാരതയുവസംഘ പ്രവർത്തനം എന്നിവ പഴശ്ശിയുടെ ധീരോദാത്ത കഥകളുടെ പാരമ്പര്യത്തിലാണെങ്കിൽ കൃഷ്ണഗാഥയിലാരംഭിച്ച പുനത്തിലൂടെ പ്രവഹിച്ച സർഗ്ഗാത്മകചൈതന്യമത്രേ കൂട്ടമത്തിന്റെയും വേങ്ങയിൽ നായനാരുടേയും പി. കുഞ്ഞിരാമൻ നായരുടേയും പേനയിൽ ഹിരണ്യഗർഭം കഴിച്ച സാക്ഷാൽ സുകുമാർ അഴീക്കോടിന്റെ തത്ത്വമസിയിലെത്തി നമ്മെയെല്ലാം ഉപ്പുപുളകം കൊള്ളിക്കുന്നത്. പക്ഷേ അദ്ധ്യാനത്തിന്റെ പാചകശാലയിൽ എരിപൊരിക്കൊണ്ടവർ പലപ്പോഴും അനുവേഘട്ടത്തിൽ അവഗണിക്കപ്പെടുക പണ്ടേ പതിവാണ്. അവർ ഒരുങ്ങിപ്പിടിച്ചെത്തുമ്പോഴേക്കും പല വിഭവങ്ങളും നാമമാത്രമായാകും പാത്രങ്ങളുടെ അടിയിൽ അവശേഷിച്ചുകാണുക. എന്നും വിഭവങ്ങളുടെ മധുരരുചിയിൽ നീന്തുന്ന കൈപ്പുണ്യമുള്ളവർ തങ്ങളുടെ പ്രവർത്തനം വിജയിച്ചു എന്നാശ്വാസം കൊള്ളാൻ ശീലിച്ചവരാകും ഈ ദുസ്ഥിതിയിലും കാവ്യരംഗത്തു പെറിയ ഒരു മാറ്റം കണ്ടതു കൂട്ടമത്തിന്റെ ജന്മശതാബ്ദിയാചരണത്തിനും അതുസംബന്ധിച്ച ഗ്രന്ഥപ്രകാശനത്തിനും തിരുവനന്തപുരത്തു വി. ജെ. ടി. ഹാളം സാക്ഷ്യംവഹിച്ചപ്പോഴായിരുന്നു. ഗ്രന്ഥകാരൻ കൂട്ടമത്തുകുടുംബവുമായി ബന്ധപ്പെട്ട ശ്രീ പവനനായരും മുഖ്യമന്ത്രിയുടെ ജന്മജില്ല കണ്ണൂരായതും യാദൃച്ഛികമാണ്. സംഗതി ശുഭസൂചകമായി ഞാൻ എന്നുമെന്നും ഓർമ്മിക്കും.

കൂട്ടമത്ത കുന്നിയൂർ കുഞ്ഞികൃഷ്ണക്കുറുപ്പ് എന്ന് ചെറുപ്പകാലത്തു കേട്ടപ്പോഴും 'ക' കാരത്തിനു വിഷമമില്ലാത്ത പേര് സംഘടിപ്പിച്ച് സമർത്ഥൻ എന്നേ

കരുതിയുള്ള. പേരിനകത്തെന്നപോലെ യകമം മുററിയ ഒരു കാവ്യം 'കാളിയ മർദ്ദന'മെന്നപേരിൽ രചിച്ച സംഗതി പിന്നേയാണറിയുന്നതു്.

പാലയ മാമലമങ്കേ
ഗണപതിതന്നെയ്ധരിച്ച
മാമലമങ്കേ
തവ പദ നിലയേ
വിലയേറീടുന്നതു
കൃഷ്ണഭ്രേ നിലയേ വിലയേ

അലം പാലയമാം- എന്നെ വഴിപോലെ രക്ഷിക്കട്ടേ. ആര്? മാമലമങ്ക ശ്രീ പാർവ്വതി കൃഷ്ണഭ്രേനിലയത്തിനു — കുട്ടമത്തു തറവാടിനു വിലപ്പെട്ട സ്വത്തു അവിലയായ നിന്റെ കാലുകൾ തന്നെ. അങ്ങിനെ കട്ടംബ പരദേവതയെ സ്മരിച്ചാണു തുടക്കം.

നാളിനാളി ജാര നളിനാളിലി
പ്പൊഴെൻ
വരവാണിതെന്നു വരവാണി
പൊല്ലവേ
മധുതന്നവാപ്പി മധുതന്നണച്ചിടം
പതിവന്നമാർന്ന പതിവന്നു
ദിക്കവേ
പണമിതു ചിലവാക്കില്ല
തുമ്പില്ലാതെ കട്ടത്ത ചില
വാക്കില്ല
അരയാൽത്തറവാടികളും
വഴിയിൽ സുലഭം മികച്ച
തറവാടികളും
ഒക്കാത്ത കരാറില്ല
പാർക്കുകിലൊന്നിനുമ നു
തകരാറില്ല.

അക്കാലത്തു ഇത്തരം പദക്കസർത്തുകളും വലിയ കവികളും കൂടി ഇഷ്ടപ്പെട്ടിരുന്നു. കേരളവർമ്മ വലിയകോയിത്തമ്പുരാൻ, വി. സി. ബാലകൃഷ്ണപ്പണിക്കർ തുടങ്ങിയവർ കാളിയമർദ്ദനം കാവ്യത്തെ അഭിനന്ദിച്ചവരാണു. വി.സി. ബാലകൃഷ്ണപ്പണിക്കരാണത്രേ ആദ്യമായി കട്ടമത്തനെ മഹാകവി എന്നു ചേർത്തു വിളിച്ചതു. മാടായിക്കാവിനെ ആസ്പദമാക്കി രചിച്ച കവിതയാണത്രെ ആദ്യം പ്രസിദ്ധീകൃതമാകുന്നതു.

അരിയതിരുവർകാടാം,
കാവിൽ മേവുന്നലോകേ
ശ്വരിയുടെ ചെറുകുന്നോന്നുണ്ടു
കോലത്തുനാട്ടിൽ
പെരിയ പുതുമയാം പേർകൊണ്ടു
മാടായിയെന്നായ്
വരികിലുമവനാർക്കും മോദ
മേകാൻ മിടുക്കൻ

ഏതായാലും ഇംഗ്ലീഷ് വശമല്ലാത്ത കട്ടമത്തിനു വാല്മീകിയും വ്യാസനും കാളിദാസനും മറ്റുമായിരുന്ന ആരാധ്യർ കവന കൗമുദിയും മാതൃഭൂമി ആഴ്ചപ്പതിപ്പും ആയിരുന്ന കുറുപ്പിന്റെ വിഹാരരംഗം. നീലേശ്വരം ഹൈസ്കൂൾ വാർഷികത്തോടനുബന്ധിച്ചു കൊല്ലം തോറും ഓരോ സാഗീതനാടകം രചിച്ചിരുന്നുവെന്നും കേട്ടിട്ടുണ്ട്. പക്ഷേ പദ്യങ്ങളും പലതും പ്രസിദ്ധമാകയാൽ ബാലമനസ്സുകളുടെ സ്വല്പം ദുർഗ്രഹവുമായിതോന്നുകയാൽ 1944ൽ അദ്ദേഹം അന്തരിക്കുന്നതുവരെ കാര്യമായ കൃതികളും ശ്രദ്ധിയ്ക്കാൻ എനിയ്ക്കു ഭാഗ്യമുണ്ടായില്ല. 1949ൽ അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം നീലേശ്വരത്തു് സാഹിത്യപരിഷത്തു് നടന്നപ്പോഴും കട്ടമത്തു നഗർ എന്നു സ്ഥലത്തിനു പേരിട്ടിരുന്നു: അതേ യോഗത്തിൽ വെച്ചു പി. കുഞ്ഞിരാമൻനായർക്കു വീരശൃംഖലയും നൽകപ്പെട്ടു. നീലേശ്വരത്തുകാരായ എന്റെ പഴയ വിദ്യാർത്ഥികളെല്ലാം വലിയ ബഹുമാന

ത്തോടെ മാത്രമേ കുട്ടമത്തിനെക്കുറിച്ചു പറയാറുള്ളൂ. എന്തായാലും ദൂരത്തിരുന്നു ആരാധിക്കുന്നതിനല്പാതെ കുഞ്ഞിരാമൻനായരെപ്പോലെ എളുപ്പത്തിൽ പിടികിട്ടുന്ന കവിപ്രതിഭയായി എന്നിലുള്ള അദ്ദേഹത്തെ പരിചയപ്പെടാൻ തരപ്പെട്ടില്ല.

എന്താണ്ടു് രണ്ടു തലമുറയുള്ളിൽ അഞ്ചാറു കവികളെ ഉല്പാദിപ്പിച്ച തറവാടാണു് കുട്ടമത്തെന്നതു ഇയ്യിടെ മാത്രമേ ഞാൻ മനസ്സിലാക്കിയുള്ളൂ. കുഞ്ഞുണ്ണിക്കുറുപ്പു് സദ്വൃത്തമാലാ കർത്താവായ കുട്ടനാട്ടു് തമ്പുരാന്റെ മകനാണു്. നല്ല കവിയും; പെറിയരാമക്കുറുപ്പു് നാരായണക്കുറുപ്പു്—ഇത്രയും പേരുടെ കൃതികളെപ്പറ്റി ഉള്ളൂർ ഉപന്യസിക്കുന്നുണ്ടു്. അതു കഴിഞ്ഞു ശ്രീപവനന്റെ പിതാവു് കുഞ്ഞിശ്ശങ്കരക്കുറുപ്പുണ്ടു്; അദ്ദേഹത്തിനും സാഹിത്യമില്ലാതിരിക്കയില്ല. അങ്ങിനെ ആറേഴു് കവികളെക്കൊണ്ടു് ഒരു കുടുംബം ധന്യമാകുക എന്നതു ഒരത്ഭുത സംഗതിയാണു് കൊടുങ്ങല്ലൂർ കോവിലകത്തല്ലാതെ ഇത്രയധികം സാഹിത്യപ്രേമികളും ഒരു കുടുംബത്തിൽ നിന്നുയർന്നുവന്നിട്ടുണ്ടോ? കുഞ്ഞിക്കൃഷ്ണക്കുറുപ്പിന്റെ പിതാവു് വെങ്ങാട്ട ഉടയവർക്കു ഉണിത്തിരിയായിരുന്നു. അദ്ദേഹം ഇന്ത്യാരാജ്യം മുഴുവൻ പ്രസിദ്ധി നേടിയ ശങ്കരനാഥജോഷിയുടെ ഭാഗിനേയനും. കരിവെള്ളൂരിലെ ശങ്കരഉണിത്തിരിയാണു സപ്രയത്നത്താൽ കാശിയിലും കാഞ്ചീപുരത്തിലും പോയി സംസ്കൃതം പഠിച്ചു് വേദാന്തത്തിലും ജ്യോതിഷത്തിലും ഉപസ്ഥിതി നേടി "പരമപുരുഷ നിർമ്മലബുധജോഷി ശങ്കരനാഥ് ദി സ്പിരിച്വൽ അഡൈസട്ട് രഞ്ജിത്സിംഗ് ദി ലയൺ ഒഫ് പഞ്ചാബ്" എന്ന പദവിയിലേക്കുയർന്നതു്! ബ്രിട്ടീഷ്സിംഹത്തെയും പഞ്ചാബിലെ സിംഹത്തെയും രഞ്ജിപ്പിലാക്കിയതു് ശങ്കരനാഥിന്റെ മിടുക്കായിരുന്നു. അഫ്ഗാൻ യുദ്ധത്തിൽ പൊരുതവേ ശങ്കരനാഥനു് ഒരു വെട്ടേല്ക്കയും രഞ്ജിത്സിംഗ് അവിടെ ചാടി വീണു് പ്രതിയോഗിയുടെ വാൾ പിടിച്ചെടുത്തു് അവന്റെ കഥ കഴിക്കയും ചെയ്തതായി പറയപ്പെടുന്നു. വാൾ ശങ്കരനാഥിനു സമ്മാനിച്ചതായുമാണു കേൾവി. ഈ കഥ കേട്ടറിഞ്ഞു സ്വാതിതിരുനാൾ മഹാരാജാവു് റസിഡണ്ടുവഴി ബന്ധപ്പെട്ടുകയും ശങ്കരനാഥിനെ തിരുവനന്തപുരത്തേയ്ക്കു ക്ഷണിക്കുകയും ഉണ്ടായി. ആദ്യം രണ്ടാം ജഡ്ജിയുടെയും പിന്നീടു് ചീഫ് ജസ്റ്റിസിന്റെയും സ്ഥാനം ശങ്കർനാഥിനു നൽകപ്പെട്ടു, പഞ്ചാബിൽ തനിയ്ക്കു അനുവദിച്ചുകിട്ടിയ രണ്ടു വില്ലേജുകളെ മറ്റൊരാൾക്കു് പാട്ടത്തിനേല്പിച്ചായിരുന്ന ശങ്കരനാഥ തിരുവനന്തപുരത്തു താമസിച്ചതും വിവാഹിതനായതും. ആറുകാൽ ശങ്കരപിള്ളയുടെ പിതാവായ ആ ശങ്കരനാഥിന്റെ ഭാഗിനേയ പുത്രനാണു കുട്ടമത്തു് കുഞ്ഞികൃഷ്ണക്കുറുപ്പു് എന്നറിയുമ്പോഴും, അദ്ദേഹത്തിന്റെ ജന്മശതാബ്ദിയാചരണം തിരുവനന്തപുരത്താക്കിയതു ആ നിലയ്ക്കും സമുചിതമായി.

ബ്രിട്ടീഷ് സർക്കാറുമായുള്ള പൂർവ്വികബന്ധം മൂൻനിർത്തിയാണോ എന്നറിഞ്ഞില്ല, 1912 ഡിസംബറിൽ ഡൽഹി ദർബാർ നടന്നപ്പോഴും അതെപ്പറ്റി ഒരു കുമ്മി കുട്ടമത്തിന്റെതായി പ്രസിദ്ധീകൃതമായിരുന്നു. "ഡർബാർകുമ്മി" എന്ന പേരിൽ വന്ന ആ ഗാനം കൗതുകത്തോടെയാവും നാമിന്നു വായിക്കുന്നതു.

1. എന്തൊരാനന്ദം ലോകത്തിൽ
മേന്മേലേകം

സന്തോഷത്തെ ജോർജു നാമമാകും
മന്ത്രമുറപ്പിച്ചോര ഡിസംബ്രിൽ
പന്ത്രണ്ടാം തിയ്യതി വന്ന മുമ്പിൽ
വൻ ത്രാസലേശം വരാതെ ചിരം
സന്ത്രാണം ചെയ്യമന്ത്രാക്ഷരം
(എടസരി)
ചിന്തിക്കുക മന്ത്രിക്കുക
നന്ദിക്കുക മന്ദിക്കരു
തന്തിക്കുപോലും ജപിച്ചുനാം
തത്ഭക്തി
പൊന്തിച്ചു കാട്ടേണമിജ്ജഗത്തിൽ

2. സൂരിജനം വാഴ്ത്തീടും മധുടി
മേറി മഹാറാണിയോടുംകൂടി
ചാരിത്രശുദ്ധയാം ലക്ഷ്മിയോടി.
ഗ്ലൗരി തുല്യൻ നൃപൻമോടിതേടി
(എടസരി
പാരിൽപ്പുകഴ്പ്പേറിസ്സുഖ—
മേറിപ്പതിനാറുകൂപ
നേരിട്ടിരുപ്രസ്ഥപുരിൽ
വന്നതോത്തു
ള്ളാരിന്നുമോദത്താൽ പൂരിക്കാത്തു

3. ചങ്ങാതിമാരേ! നാമെത്തുചേർന്നു
മങ്ങാത്തമാനസനിൽ ഭക്തിയാർന്നു
സംഗതി ശുദ്ധമാം തച്ചരിത്ര
ഗംഗാനദിയിലിറങ്ങുമത്രേ
(എടസരി)
മുങ്ങിക്കളി പൊങ്ങിക്കളി
പാങ്ങിൽ ചളി നീങ്ങിക്കളി
ഭംഗിയിൽ ചെയ്യനാമന്യൂനായ
ഭംഗമററായുസ്സു വന്നീടാനായ്

4. ലോകൈക നാഥനോടത്ഥിക്കേണം
നാം കൈകളും കൂപ്പേണം
കുമ്പിടേണം
ഹേ കൈവല്യത്തെ തരും പുരാനേ!
ശ്രീ കൈലാസനാഥ! തമ്പുരാനേ!
എടസരി)

ലോകത്തിലനേകക്ഷിതി
പാകടവിഡ മോഘാജ്ഞയൊ—
ടാകല്പമിജോർജാം ശ്രീ
കല്പശാഖിയെ
ശോകപ്പെടാതെ പുലർത്തേണമേ

ഇതെഴുതിയതു് മുപ്പത്തിരണ്ടാം വയസ്സിൽ 1912 കാലത്താണു. 1932—33 കാലത്തു കേരളത്തെ കുലുക്കിമറിച്ച ഒരു സംഭവമാണല്ലോ ഗുരുവായൂർ സത്യാഗ്രഹം. 1932 നവംബർ ഒന്നിനു കേളപ്പജി നിരാഹാരമാരംഭിച്ചതു കേരളക്കരയെയൊരു സുചിമുനയിൽ നിർത്തി. മന്നത്തു പത്മനാഭനും വി. ടി. ട്ടേതിരിപ്പാട്ടും എ. കെ. ഗോപാലനും പി. കൃഷ്ണപ്പിള്ളയും മറ്റും അതിൽ ആകണ്ഠം മുഴുകി. സത്യാഗ്രഹകമ്മറ്റി അദ്ധ്യക്ഷൻ മന്നമായിരുന്നുവെങ്കിൽ വളണ്ടിയർ ക്യാപ്റ്റൻ എ. കെ. ജിയായിരുന്നു. മഹാത്മജിയുടെ നിർദ്ദേശമനുസരിച്ചു് ഉപവാസം നിർത്താൻ കേളപ്പജി നിർബന്ധിതനായി. 1933 മാതൃഭൂമി വിശേഷാൽപ്രതിയിൽ കൂട്ടമത്തിന്റെ പതിതപാവനൻ എന്ന കൃതി പ്രസിദ്ധീകൃതമായി. ഒരു ഹരിജനബാലൻ ഗുരുവായൂരപ്പനോടു് ജാതിചിന്തയുടെ അശാസ്ത്രീയതയെ ചൂണ്ടിക്കാട്ടി പ്രാർത്ഥിക്കുന്ന ഒരു നീണ്ട സ്തോത്രഗാനമാണതു്.

ക്ഷീണമില്ലാതെ യേവം
ജഗത്തിനുമം
ത്രാണമേകുന്ന നിൻ ദയാജാഹ്നവി
താണജാതിയ ലല്ലോ നിരന്തരം
വീണൊഴുകുന്ന നിത്യം ഭവാനേ!
× × × ×
ശങ്കരന്റെ പരിശുദ്ധ ഭൂമിയിൽ
ശങ്കനൽകുമയിത്തമോ ദൈവമേ
വാരുനാരുടെ സംസ്കാരശുദ്ധിയി

നുക്കു ചെയ്യുന്ന വിപ്രനിൽ
കാൺമോ

X X X X

പതിതർ ഞങ്ങളെ
യുദ്ധരിച്ചീടുവാൻ
പതിയായിവന്ന
മഹാത്മജിതന്നെ നീ
പതിവായ് ഞങ്ങളെ
ക്ഷേത്രത്തിലേറ്റണം
പതിത പാവനനായ ഭഗവാനേ

അതേ വർഷം സുവർണ്ണസോപാനം എന്നൊരു നീണ്ട കവിത പ്രസിദ്ധീകരിച്ചിരുന്നു. ജാതിഭേദം തുടച്ചുമാറ്റണം എന്ന ഉൽബോധനമാണ് അതിൽ മുഴങ്ങുന്നത്.

സ്ഥിതിഭേദമില്ല ഗതിഭേദമില്ല
സമാനുപ്രേമമേ മതം നമുക്കു നി
ക്ഷമാർജനത്തിനായ് മതി
മതിമതി
സ്ഥിതിനമുക്കെന്നും
സമാനുചിന്തയിൽ
ഗതിനമുക്കെന്നും
സമാനുസേവയിൽ

ദേശീയപ്രസ്ഥാനത്തിന്റെ ജന്മശതാബ്ദിയാചരിക്കുന്ന ഈ സന്ദർഭത്തിൽ അതിന്റെ സുവർണ്ണജൂബിലിയിലുള്ള മുമ്പായി കുട്ടമത്തു എഴുതിയ വരികളാണ്.

വരുവിൻ ഭാരത സഹോദരങ്ങളേ
വരുവിൻ മംഗള ഗുണാകരങ്ങളേ
വരുന്നു ഭാരത മഹാജനസഭ
സ്സുരുമയായ് ചേർന്നു
മണികളാകനാം

1935ൽ കോൺഗ്രസ്സിന്റെ സുവർണ്ണ ജൂബിലിയായിരുന്നല്ലോ. വെള്ളച്ചാട്ടങ്ങളും എന്നൊരു കവിതയും മാതൃഭൂമി വിശേഷാൽപ്രതിയിൽവന്നിരുന്നു. ഹിമാലയശൃംഗത്തിൽ ഉറഞ്ഞുകൂടിയ ഹിമമുരുകി പല പ്രവാഹങ്ങളായി കടലിന്റെ വിശാലതയിലേക്കു നീങ്ങുന്ന നദിയിലെ വെള്ളച്ചാട്ടങ്ങളാണു പ്രതിപാദ്യം. ഒരു ഘട്ടത്തിൽ ഒരഗാധഗർത്തത്തിൽ വെള്ളം, ചളിയും, ചപ്പിലയും ചേർന്നു ചളിക്കുണ്ടായി മാറുകയാണ്. പെട്ടെന്നു ആകാശത്തിൽ മേഘങ്ങളും ഒരുക്കൂട്ടുന്നു. ദ്രോകാളീനൃത്തഘോഷം പോലെ ഇടിമിന്നലും മേഘഗർജനവും കേൾക്കുന്നു. നാനാഭാഗത്തുനിന്നും ചെറുതുള്ളികളും മഴയായ് പെയ്തു ഒന്നിച്ചു ചേർന്നു വൻവൃക്ഷങ്ങളെ വലംവെച്ചു ചെറുവള്ളികളെ തൊട്ടുതലോടി ഉരുളൻ കല്ലുകളെ ഉരുട്ടിത്തള്ളി ആർത്തലച്ചിറങ്ങുന്ന മഹാപ്രവാഹം അപ്രതിഹതമായിത്തീർന്നു രത്നാകരത്തെ സമീപിക്കും. ജലപ്രവാഹത്തിന്റെ ഐക്യബോധവും ഉത്സാഹത്തിമർപ്പും മനുഷ്യർ കൈക്കൊള്ളുമെങ്കിൽ സ്വാതന്ത്ര്യത്തിന്റെ രത്നാകരവിശാലതയിലെത്താൻ താമസമുണ്ടാവില്ല. കുട്ടമത്തു വിവക്ഷിച്ചതു രത്നാകരം. എത്തിപ്പെട്ടതു ഉപ്പുവെള്ളപ്പരപ്പായി എന്നു മാത്രം.

കോൺഗ്രസ്സിന്റെ വലിയ കാര്യങ്ങളും അദ്ദേഹം സ്മരിച്ചു. പ്രാദേശിക പ്രവർത്തകർക്കു ഉത്തേജനം നൽകുന്ന ഗാനങ്ങളും രചിക്കാനും കുട്ടമത്തിന്റെ തൂലിക യഥാസമയം മുന്നോട്ടു വന്നു. കരിവെള്ളൂരിലെ ഭാരത യുവസംഘത്തിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ചു കുട്ടമത്തെഴുതിയ ഗാനം യുവാക്കളിൽ ആത്മചൈതന്യം പകർന്നിരുന്നു.

അഭിനവഭാരത യുവജനസംഘം
ശുഭകര മുത്തുക ഘനനാദയശംഖം
ഉറക്കിൽവീണു നിജസഹജരെ
മോദം

വരും വിധമുണർത്തുക ജവമതിൻ
നാദം
തെളിഞ്ഞ ധമ്മങ്ങളിൽ
ദുഷ്ടമനുരക്തം
തിളച്ചുമറിയട്ടേ യുവജനരക്തം
അഹിംസയെ പുലർത്തുന്ന
ക്ഷമദമശൗര്യം
മഹീതലം കാണട്ടേ ഭാരതവീര്യം
X X X X
സകല ചരാചര സേവനധർമ്മം
സകരുണനീശന്റെ പൂജനകർമ്മം
അഭിനവ ഭാരത യുവജനസംഘം
ശ്രുകേരുതുക ഘനജയശംഖം

അതുപോലെ കോൺഗ്രസ്സിന്റെ സുവർണ്ണജൂബിലിയെ മുൻനിർത്തി ഗാന്ധിയൻ ആദർശങ്ങളെ ഉദ്ഗാനം ചെയ്യാനും കുട്ടമത്തു തയ്യാറായിരുന്നു.

ക്ഷാമകര യന്ത്രജഡ ശക്തികളം
മറഞ്ഞും
ഗ്രാമ സമുദ്ധരണ ചേതന
തെളിഞ്ഞും
സോമരുചി ശ്രുത്തേര
ഖാദികളണിഞ്ഞും
ക്ഷേമമൊട്ട പൊങ്ങിടണമിന്ദു
വദനേനീ
ലങ്കപദ പീഠമതിൽ നിൻകഴലമന്നു
വങ്കടൽകളെന്ന
ഹരിദംബരമണിഞ്ഞും
ശങ്കരിഹിമാലയ കിരീടമിതുയർന്നും
തങ്കനിറമേനി തവദേവി
വിജയിക്ക

എന്നു ഭാരതാംബയ്ക്കു വിജയമാശംസിക്കുകയാണു കവി. അന്നൊക്കെ കേളപ്പജിയായിരുന്നു കുട്ടമത്തിന്റെ ആരാധ്യദേവൻ.

മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ സ്മരണയ്ക്കായി ഒരു മാസിക തുടങ്ങിയിരുന്നല്ലോ കേരളവ്യാസൻ എന്ന പേരിൽ. 1916 കാലത്തു് അതിൽ പനിനീർപ്പൂവും താമരപ്പൂവും തമ്മിലുള്ള ഒരു തർക്കമെന്നയിച്ചു് ഭാരതീയതയുടെ പ്രതീകമായ താമരപ്പൂവിനു വിദേശശക്തിയുടെ പ്രതീകമായ പനിനീർപ്പൂവു് കീഴ്വഴങ്ങുന്നതായി വിവരിച്ചതു് അത്ഗർഭമായി തോന്നുകയാണു. പ്രസൂനസംവാദം എന്നാണു കവിതയുടെ ശീർഷകം. (പനിനീർപുഷ്പവും താമരപ്പൂവും വയലിൽവെച്ചു് കാണുന്നു)

പനിനീർ പുഷ്പം:

മാന്യാത്മൻ! സ്വാഗതം തേ
സരസിജ! സുഖമോ?
താങ്കളങ്ങട്ടിരിക്കൂ!
ദൈന്യം വിട്ടിങ്ങുവാഴാം
പ്രിയസഖ! പനിനീർ
പുഷ്പമാമെന്നൊടൊപ്പം

താമരപ്പൂവു്:

ധന്യൻ ധന്യൻ സഖേ! ഞാനയി!
തവകുശല
പ്രശ്നമൂലം വിശേഷാൽ
വന്ദ്യന്മാരല്ലായോ നാമിരുവരു
മുപചാ—
രത്തിനത്യർഹരല്ലോ

എന്നാൽ ഒരു പുച്ഛഭാവത്തിലാണു പനിനീർപ്പൂവിന്റെ സമീപനം.

പനി. പൂ

നിങ്ങടെക്കെന്തുള്ള സൗഖ്യം
ജളഭൂവിജളജോ
ത്തംസമേ! ഹന്തപോരും
പൊങ്ങച്ചം, നിങ്ങളാണോ
വിപിന സുഖികളും
ഞങ്ങളെ സൽക്കരിപ്പാൻ

താമര:

മങ്ങാതിച്ചൊന്നവാക്യം ശരിശരി
മുനളു—
ത്തുള്ളമുള്ളൊക്കെവിട്ടെൻ
ചങ്ങാതി
സൈരമാർന്നീടുകിലവിടെവരാം
ഞങ്ങടം നിൻ സൗഖ്യമേല്പാൻ

പനി. പൂ

വേണ്ടിയില്ലിച്ചൊന്നവാക്യം
വകതിരിവുനിന—
ക്കെങ്ങിനേ ശുദ്ധപായൽ—
പണ്ടിക്കൂട്ടം സഹായം
പിറവിതവ മഹാ
ഹരിദ്ര നാളത്തിലല്ലോ.

താമര:

കണ്ടില്ലിജ്ജാതിയേ
മറെവിടെയുമധിക
ക്രൂരനായ് ശുദ്ധകാടൻ
കണ്ടിൽ പാക്കം നിനക്കെന്തറിയു
മതിലെസ—
സാരസത്തിൻ മഹത്വം

പനി. പൂ.

ചേർച്ചപ്പെട്ടുള്ള കാടൻ കുഴിയൊരു
വേനം
മാത്രമല്ലിങ്ങു പുത്തൻ
പുച്ചട്ടിതട്ടിൽവെച്ചങ്ങിനെ പല
നൂപരും
മാളികയ്ക്കുള്ളിലെന്നെ
കാഴ്ചയ്ക്കും ചാരുഗന്ധത്തിനു
മലിവിൽവള —
ത്തുന്നു, നീയോ നിതാന്തം
ശ്ലേഷപ്പങ്കത്തിൽ
നക്രങ്ങടെ നടുവിലിരി
യ്ക്കുന്നു നിസ്സല്യദ്ദ:ഖം

എനിയങ്ങോട്ട് ഇരുപേരുടേയും വാദം പൂർണ്ണശ്ലോകം കൊണ്ടുതന്നെ നീക്കുകയാണ.

താമര.

കൊള്ളാം ചങ്ങാതി! കണ്ടോരുടെ
കടിയിലിരി
ക്കുന്ന നിൻ സമ്പ്രദായം
കൊള്ളാം ഞങ്ങൾക്കിതൊട്ടും
ലവമൊരു നിലതെ
റ്റില്ല, ചെറ്റില്ലിളക്കം
വെള്ളാമ്പൽക്കീർത്തിയോടും
ഹൃദപരിഘയെഴും
താമരപ്പൈയ്കയാണി—
ങ്ങുള്ളാവാസം, മഹാന്മാർ
പലരവിടെയണ
ഞ്ഞെന്നെനിത്യം ഭജിപ്പൂ

പനി. പൂ

അന്നത്തേത്തിന്നു
മാറുണ്ടുലകിലഖിലരും
നിന്നെയന്നം ഭുജിപ്പൂ
കന്നത്തം കേഴുക്കവയ്യേ തവ കഥ
മുഴുവൻ

ഹന്തലോക പ്രസിദ്ധം
നിന്നല്ലൽ പാടിതെല്ലാം
നിട്ടതമൊളിവിൽ ഖെ—
ക്കേണ്ട നീ സൂനനാട്ടിൽ
മന്നൻ ഞാനെന്ന നാട്യം കളയുക
കലഹം
വേണ്ട നാം തുല്യരാവാം

താമര:

അന്നത്തേവിട്ടു ജീവിപ്പതിനൊരു
വഴിയി—
ല്ലാക്കു മമ്മട്ടിൽമേവു
ന്നന്നത്തിന്നന്നമാം ഞങ്ങളുടെ
വശമിരി
ക്കുന്നു ലോകങ്ങളെല്ലാം
തന്നത്താൻ നാശമാണ്ടും
പരരിലൊരുപകാ
രത്തി നാം ഞങ്ങളല്ലോ

മന്നന്മാർ സൂനവൃന്ദങ്ങളിലൊരു
വിധവും
ഞങ്ങളോടൊക്കുമോ നീ!

പനിനീർപ്പൂവ് തന്റെ വല്ലപ്പം വിവരിക്കുകയാണ് നിറം, മണം, ഭംഗി ഇത്യാദിയെ മുൻനിർത്തി.

പനി. പൂ

സൗരഭ്യം ചാരുപൂന്തേൻ
നരപരിവിലസ—
ന്മാർദ്ദവം മുഗ്ധപ്രർണ്ണം
സൗരച്ഛായാപ്രിയത്വം
സരസവിലസിത
സർവ്വസമ്മോഹനത്വം
സാരംഗാക്ഷി ജനത്തിൻ
പുരികുഴൽ നട്ടവിൽ
പ്പാർപ്പു മിത്യാദിയോത്താൽ
സൈരം നാം
തമ്മിലൊക്കേണ്ടവരിതിനു നിന
ക്കെന്തിനായ് ശാഠ്യമിപ്പോഴും

താമര:

ശൃംഗാരത്തിനുവേണ്ടിച്ചിലർ
മുടിയിലണ
ക്കുന്നു നിന്നേ, സദാഞ്ഞാ—
നംഗാരം കാമുകന്മാക്കുടനടി
കൂട്ടതാം
കാമദേവന്റെ ബാണം
ഭൃംഗാലാപം, മരാളച്ചിറകടി മുരജ-
ഘോഷവും പൂണ്ടൊരെന്നിൽ
തൃംഗാമോദം കളിപ്പൂ
മലർമകളെവിടേ
ഹന്ത ഞാനും ഭവാനും

പനി. പൂ (തോറ്റുകൊണ്ട്).

ഹാ ഹാ ഞാൻ ബുദ്ധിഹീനൻ
തവ മഹിമയറി—
ഞ്ഞില്ല വമ്പിച്ചെഴും നിൻ
മാഹാത്മ്യം സർവ്വജൈത്ര
ജയജയ പരമേ—
ഷ്ടിക്കുമങ്ങാദ്യനല്ലോ
മോഹാന്ധൻ ഞാൻ പുലമ്പീടിന
പിഴകളം പൊറു—
ത്തീടണേ മേലിലങ്ങെ—
സ്നേഹാധിക്യം
നിറക്കുന്നവരിലൊരുവനാ—
യെന്നെയും വെക്കണേ നീ.

താമര:

മാത്സര്യംകൊണ്ടു
നോക്കീടുകിലുലകമഹാ—
ദോഷമായ് കാണുമെന്നാൽ
സത്സംഗംകൊണ്ടു കാണാം
ഗുണഗണമയമാ—
യ്തന്നെ നേരേ മറിച്ചും
വത്സൻ നീ ചൊന്നതെല്ലാം
ശരിശരിയറിവി—
ല്ലായ്കമൂലം ഭവാനെ—
ന്നത്സംഗത്തിങ്കൽ വാണീടുക
നവപനിനീർ
പുഷ്പമേ! സപ്രമോദം.
എന്ന ആലിംഗനം ചെയ്യുന്നു

പനി പൂ (ആശ്ലേഷസുഖം നടിച്ച്)

ശ്രീകാന്തൻതൻ മനോജ്ഞകരതല
മൃദുളേ,
സ്പർശ പുണ്യാതിരേക
ശ്രീകാളം നിൻ
ദുഗ്ധാലിംഗനവിധിയിലസാ—
മാന്യനായ് ധന്യനായ്ഞാൻ
ലോകാനന്ദം വളർക്കും പടിയിത!
വന്നമി—
മ്മാരുതത്തേരിലേറി
പ്പോകാമല്ലല്ലി
ശൃംഗാരവമൊട്ടമിനിനാം
ശംഖനാദം മുഴക്കി

രണ്ടുപേരും പിരിഞ്ഞു

ദേരതീയതയ്ക്കു മുൻതൂക്കം കിട്ടുമാറു തർക്കം അവസാനിക്കുകയാണു.

1928 കാലത്തു ഗുരുവായൂർ പത്മനാഭൻ എന്ന ആന പടിഞ്ഞപ്പോൾ കവനകൗമുദി ഒരു പ്രത്യേക പതിപ്പ് ഇറക്കിയിരുന്നു. അതിൽ കുട്ടമത്തിന്റെ പ്രതികരണമായി 'ആനപ്പാന'കാണാം. ആനയെ നടയിരുത്തിയിരുന്നതാരായിരുന്നുവെന്നും ചമയിച്ചു നിർത്തുമ്പോൾ, എന്തൊരു ഗാംഭീര്യമാണുണ്ടായിരുന്നതെന്നും ഹൃദയാവർജകമായ രീതിയിൽ വിവരിക്കുന്ന ഒരു വിലാപകാവ്യമാണത്.

അച്ചെറുകുന്ന നമ്പൂതിരി ദ്വിജൻ
സച്ചമാനസൻ കൃപ്പിവഴിപാടായ്
തൃച്ചരണത്തിൽവെച്ച ഗജേന്ദ്രനെ
വെച്ചിതങ്ങുന്ന വാഹനമായ്ച്ചിരം
പത്മനാഭ! കളഭപ്രിയൻ ഭവാൻ
പത്ഥ്യമായി കളഭമിതും തവ

ആനയുടെ കോപ്പണിഞ്ഞ ദൃശ്യം കവിയ്ക്കു മറക്കാൻ കഴിയുന്നില്ല.

പത്രിവീരൻ തൻ പക്ഷങ്ങൾ പോലവേ
വിസ്തൃതങ്ങളാം കണ്ണുങ്ങളാടിച്ചും
ഹസ്തിനാഥനവൻ തവ വിഗ്രഹ—
മുദ്ധരിച്ച നടക്കുന്ന ഭംഗിയും
സ്നിഗ്ധഗംഭീരനോട്ടവും ശ്രേഷ്ഠമാം
ശുദ്ധദന്തവും ദീർഘമാം തുമ്പിയും
സുവർണ്ണപ്പട്ടമണിഞ്ഞ തൻ ഗണ്ഡത്തിൽ

തിണ്ണമാക്കുന്ന ഭൃംഗാരവങ്ങളും
എത്ര കൗതുകമായിരുന്ന തവ
ക്ഷേത്രലോകക്കു നിത്യവും ശ്രീപതേ!

അതുപോലെ കണ്ണൂരിൽനിന്നു വിജ്ഞാനജനനി എന്നൊരു ആനകാലിക പ്രസിദ്ധീകരണമുണ്ടായിരുന്നു. ആ കയ്യെഴുത്തുമാസിക വാർഷികവിശേഷാൽ പ്രതി ഇറക്കുകയും പത്രാധിപരായിരുന്ന കെ. എം. കൃഷ്ണൻ നമ്പൂതിരി പറയുന്നുണ്ട്. കുമാരത്തിൽപ്പുത്തു കേശവൻ നമ്പൂതിരിപ്പാട്, പി. ഏ. കുഞ്ഞിച്ചുന്നനമ്പ്യാർ, കെ. ടി. പത്മനാഭൻ നമ്പൂതിരി, ആർ. കെ. ജി. പൊതുവാൾ ഇ. പി. കൃഷ്ണൻനമ്പ്യാർ എന്നിങ്ങനെ ചില മഹാന്മാരും ഇതിലേയ്ക്കു സഹായം നൽകിയതായും പ്രസ്താവനയിൽ പറയുന്നു. ഏതായാലും സിൽവർജൂബിലി അച്ചുക്കൂടത്തിൽ 1125ൽ അടിച്ച വിശേഷാൽപ്രതിയിൽ 'ശ്രദ്ധേ' എന്ന കവിത കുട്ടമത്തിന്റെതാണ്. ആദ്യത്തേതായി പേത്തിട്ടുമുണ്ട്.

തമഃപടം പാടെ വലിച്ചുനീക്കി
പൂർവ്വാദ്രിമേൽ വന്നിതുസൂര്യദേവൻ
സമസ്തജന്തുക്കളുമക്ഷണം തൻ
കൃത്യങ്ങളും തൻ മൂടുപടം തുറന്നു.
പ്രഭാതദീപം ഭവനാന്തരാളം
പരംപ്രവൃത്ത്യംനുഖമാക്കിവെച്ചു
തുറന്നിതന്തഃകരണത്തെ ഞാനും
ജ്ഞാനപ്രദീപം കണികണ്ടുകൊണ്ടു

എന്നതാണു ആദ്യത്തെ രണ്ടു ശ്ലോകങ്ങളും അങ്ങിനെ ശ്രദ്ധ അതിന്റെ ആത്മകഥ പറയുന്നതരത്തിലാണു കവിതയുടെ ഗതി,

വിവേകവിജ്ഞാനമെഴുന്ന വിദ്യാ-
മിതിന്റെ ശുശ്രൂഷകശിഷ്യയീ ഞാൻ
ഹാശ്രദ്ധയെന്നുള്ളൊരു മദീയനാമം
സർവ്വത്ര സംസേവനമെന്റെധർമ്മം
ഏതേതു കാര്യങ്ങളിലേതു ജന്തു
വിളിക്കുമോ, ഞാനവിടത്തിലെത്തും
അതായതു യത്നത്തിനു മൂർച്ചകൂട്ടി—
ക്കൊടുപ്പുഞാൻ കർമ്മഫലംജഗത്തിൽ

എന്തെന്തെല്ലാം നേട്ടങ്ങളാണ ശ്രദ്ധമൂലം നാട്ടിലുണ്ടായിട്ടുള്ളത് ഭംഗിയായി രേഖപ്പെടുത്തപ്പെടുന്നു വിജ്ഞാനജനനിയുടെ മുഖലേഖനത്തിൽ രേഖപ്പെടുത്തുന്നതിൽ അപാകതയില്ലല്ലോ.

മേഘത്തിലെ
വൈദ്യുതശക്തിയായൊരീശ്രദ്ധ ഞാൻ മാനുഷബുദ്ധിപോറി
അനേകയന്ത്രം വഴിയായനന്ത
കാര്യക്ഷമതാത്തെ വഹിച്ചിടുന്ന
ഹായാസാനഗ്രഹകയന്ത്ര ജാല—
ദ്വാരേണ ഞാൻ
ശ്രദ്ധജഗത്തിലിപ്പോഴം
മനുഷ്യരിൽകൂടി നവീനലോകം
സൃഷ്ടിച്ചു കാണിച്ചു രസിക്കയത്രേ

അങ്ങിനെ ശ്രദ്ധയുടെ ആത്മകഥ കേട്ട കവി പറയുന്നു.

ശ്രദ്ധേ! നീ ചൊന്നതെല്ലാം ശരി
മനുജ
മനീഷയ്ക്ക നല്പായുധം നീ!
ബദ്ധാടോപം ശ്രമിച്ചാലുലകിതു
മുഴവൻ
നിൻ കളിപ്പന്തുതാനാം
അദ്ധ്യാത്മജ്ഞാന പന്ഥാവിതു
മതുവിധമേ
ദീപമായ് നീ ജ്വലിച്ചാ—
ലെത്താം നിത്യം നിദിദ്ധ്യാസന
നിജപരമാ
നന്ദ ധാമത്തിലാക്കം

കവിയുടെ സ്വന്തം പ്രസ്താവമെന്ന നിലയ്ക്കുള്ള അവസാനത്തെ ശ്ലോകം മാത്രം ദ്വിതീയാക്ഷരപ്രാസദീക്ഷയോടെതന്നെ കുട്ടമത്തു സാധിച്ചിരിക്കുന്നു!

വാസ്തവം പറഞ്ഞാൽ സ്വാമി വിവേകാനന്ദന്റെ ഒരു സൂക്തത്തെ ഉപജീവിച്ചുരചിച്ച പദ്യമാണ് വിജ്ഞാനജനനി വിശേഷാൽ പ്രതിയിൽ വന്ന ശ്രദ്ധ. "What we want is this Sradha. Unfortunately it has nearly vanished from India, and this is why we are in our present state. What makes in difference between man and man is the difference is their Sradha and nothing else. What makes one man great and another weak and low is their Sradha. Give up the awful disease that is sleeping into our national blood, that idea of ridiculing every thing that loss of seriousness. Give that up. Be strong and have this Sradha and everything else is found to follow" എന്ന സൂക്തത്തിന്റെ കാവ്യാവിഷ്ക്കാരമാണ കുട്ടമത്തിന്റെ ശ്ലോക സാധിച്ചത്. ആദ്ധ്യാത്മിക നവോത്ഥാനകാര്യത്തിൽ മഹാകവിയ്ക്കുള്ള ശ്രദ്ധാക്കാന്തിയെയാണല്ലോ ഇത്തരം രചനകളം പ്രകടമാക്കുന്നത്.

ഇളയിടത്തു പരദേവതയുടെ അഥവാ വേട്ടക്കരുമകന്റെ അവതാരസ്തോത്രം കവനകൗമുദി (1097—ചിങ്ങം, കന്നിലക്കം)യിൽ വന്നു. അതും കവിയുടെ ആസ്തികൃബോധത്തിന്റെ പാരമ്യത്തെ കുറിയ്ക്കുന്നു.

സത്യം ധർമ്മം പവിത്രം
സകലഹിതമനു—
ഷ്ഠിപ്പവർക്കുള്ള രക്ഷാ—
കൃത്യം കയ്യേറ്റു കാലാന്തകനുടെ
കരുണാ—
മന്ദിരപ്പൊൻതിടമ്പായ്

നിത്യ ക്ഷേമ പ്രദാന
വ്രതമൊടിളയിട—
ത്തമ്പലത്തിങ്കലിന്നും
പ്രത്യക്ഷപ്പെട്ട വേട്ടക്കരുമകനുടെ തു
ക്കാൽത്തളിക്കായ്
തൊഴുന്നാർ
ശ്രോത്രം വാങ്ങ് നേത്രമെന്നല്ലതി
ഖിപുലമനം
പോലുമെത്താത്ത സച്ചി—
ന്മാത്രം തദ്രൂപമെന്നീശ്വര!
നിഗമവച—
സ്സെങ്കിലും വൻ കൃപാർദ്രം
ഗാത്രം കൈക്കൊണ്ട
വേട്ടക്കരുമനെവിടേ
ക്കുള്ള ദിവ്യാവതാര—
സ്തോത്രം ഞാൻ ദാസനെന്തോ
പറവതതുപൊറു
ക്കേണമേ ദീനബന്ധോ!

എന്നാരംഭിക്കുന്ന പ്രസ്തുതസ്തോത്രത്തിൽ കാട്ടാളവേഷം ധരിച്ചു ശിവനും ശ്രീ പാർവ്വതിയും കൈലാസസാനുസ്ഥല വനനടുവിൽ വിഹരിക്കവേ പിറന്ന മകനാണ് വേട്ടക്കരുമകൻ എന്ന അവ താരം.

തങ്കപ്പീലിക്കിരീടത്തൊട്ട
തിരുകഴൽ കൂ—
പ്പുന്ന നിൻ കോമളാംഗം
തങ്കൽ തങ്കിച്ചു പുൽകിപ്പുളകിത
തനുവായ്
ശങ്കരൻ ധന്യനായി
അങ്കത്തിൽ ചേർത്തു
ലോകേശ്വരിതവ മുടിയിൽ
ചുംബനം ചെയ്കവേതൻ
കൊങ്കപ്പൊൻ
കുനീർകൊണ്ടഭിഷേകം
വീരപട്ടാഭിഷേകം
അന്നേരം കേരളത്തെപ്പരിയൊട്ട
പരിപാ—
ലിക്കുവാൻ ബാഹ്യലേയൻ
തന്നേയും ക്ഷേത്രപാലാദികളൊടഥ
മുദാ
നിന്നെയും ചന്ദ്രചൂഡൻ
വൻ നേതൃത്വം
വഹിപ്പിച്ചലിവൊട്ട ഭ്യഗ്രരാ—
മന്ത്രം നൽകീ, വോന്മാ—
രന്നേ കൈക്കൊണ്ട ഭാഗ്യം
വേസുത! ഭഗവാൻ
ഭാർഗ്ഗവക്ഷേത്രവാസം
ഭ്രരി ശ്രീമൽപദം
നിന്തിരുവടിയെഴുന്നെ
ള്ളിച്ചതേ നല്ല വാലി—
ശ്ശേരിക്കോട്ടയ്ക്കത്തും പുനരഥ
പലകോ—
ട്ടത്തിലും കോട്ടമെന്യേ
ആ രീതിക്കിക്കഴൽത്താർ
കനിവൊടിളയിട—
ത്തമ്പലത്തിങ്കൽ വെച്ചും
വാരിക്കോരിക്കൊടുക്കുന്നിതു
വരദ! ഭവാൻ
ഭക്തരിൽ ഭാഗ്യപൂരം.

നീലേശ്വരം, ബാലുശ്ശേരി, കോട്ടയ്ക്കൽ, നിലമ്പൂർ എന്നിവയാണ് മലബാറിലെ പ്രധാനപ്പെട്ട വേട്ടക്കരുമകൻ കാവുകൾ. ചിറക്കൽ രാജാവിന്റെ സാമന്തനായി പറയപ്പെടുന്ന നീലേശ്വരം രാജാക്കന്മാരുടെയെന്നപോലെ സാമൂതിരി വംശത്തിൽപ്പെട്ട കോട്ടയ്ക്കൽ ശാഖയുടെ കുലദൈവവും വേട്ടക്കരുമകനാണ്. നിലമ്പൂർ വേട്ടക്കരുമകൻക്ഷേത്രമാകാം ഏറ്റവും പ്രസിദ്ധം. എന്നാൽ വേട്ടക്കരുമകൻ ആദ്യമായി കുടി പാർത്തതു ബാലുശ്ശേരിക്കോട്ടയിലാണത്രേ.

നീലേശ്വരം ക്ഷേത്രത്തിനോടനുബന്ധിച്ചുള്ള വേട്ടക്കരുമകനെ കുലദൈവമായിക്കരുതിയതിൽ കുട്ടമത്തിന്റെ ആസ്വാദ്യബോധം സുതരാം തഴച്ചുനില്പുണ്ട്.

'കേരളവ്യാസ'നിൽ അക്കാലത്തു നടന്ന സാഹിത്യസല്ലാപങ്ങളിലെല്ലാം മറ്റു കവികുലപുരോധാക്കളോടൊപ്പം പങ്കെടുക്കാൻ ഉത്തരകേരളത്തിൽനിന്നു പ്രത്യക്ഷപ്പെട്ടിരുന്ന പ്രമുഖദേഹവും കുട്ടമത്തുതന്നെയായിരുന്നു. സമസ്യാപൂരണം വിവർത്തനം എന്നിവയായിരുന്നു പതിവുവിനോദങ്ങളും. പലരും പങ്കെടുക്കാനും കഴിവുകളും പ്രകടമാക്കാനും ഉപകരിക്കുന്നവയായിട്ടും ഒരിക്കൽ കൊട്ടങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ ഒരു സമസ്യാപൂരണം നിർദ്ദേശിച്ചു.

കേരാദിക്കു കലർന്ന നല്ല
വിലപോ—
യംഭോധിയിൽക്കപ്പൽ താൻ
ചാരാദിക്കതി വിഘ്നമായ്
കഠിനമാ—
യുപ്പിന്നുമിപ്പോഴം വില;
പാരാരാലിഹ കാക്കുമീശ്വര!
വോൻ
രാജപ്രജം ചെയ്യുമീ
പ്പോരാ മുൽക്കടസങ്കടക്കടൽകട—
ന്നീടാൻ കടാക്ഷിക്കണം

ഈ ദുർഘടംപിടിച്ച സമസ്യാപൂരണത്തിൽ ഇരുപതുപേർ പങ്കെടുത്തതായിക്കാണുന്നു. പന്തളം, ഉള്ളൂർ, വള്ളത്തോൾ, കുണ്ടൂർ, കുട്ടമത്തു, കൊട്ടാരത്തിൽ ശങ്കുണ്ണി, പാലിയത്തു ചെറിയ കുഞ്ഞുണ്ണി അച്ചൻ തുടങ്ങിയവരെല്ലാം ഉൾപ്പെട്ടു.

ആടിപാടിന പേടമാൻമിഴിയിലും
മാടിൻകിടപ്പൊന്നിലും
ചാടിച്ചാടിനടക്കുമംത്തടമിടി—
ഞ്ഞീടുന്ന വാട്ടുന്നഞാൻ
പാടില്ലിപ്പടി പാട്ടുവെട്ട മുടിയാൻ
നീ ദേവി! കണ്ണെന്നിലൊ
ന്നോടിച്ചുൽക്കട സങ്കടകടൽകട
ന്നീടാൻ കടാക്ഷിക്കണം

എന്നു ഉള്ളൂർ ആവുന്നത്ര പച്ചമലയാളത്തിൽതന്നെ കാര്യം സാധിച്ചു. വാല്മീകി രാമായണവിവർത്തനം കഴിഞ്ഞ ചൂടിൽ വള്ളത്തോൾ രാമായണഗവേഷിയായും സമസ്യാപൂരണമൊപ്പിച്ചു തിങ്ങനെയാണു.

ആരാമട്ടിലനുഗ്രഹിച്ചൊരു മര—
ഞ്ചാടിക്കു പണ്ടീരെഴും
പാരാവാരമപാരഘോരമൊരിളം
കന്നിൻ കുളമ്പായിതോ
ആ രാമൻ കടൽവാഴിയായഭിഗവാ—
നീയുള്ളവന്നംബ്ധേയം
ചേരാതുംക്കടസങ്കടകടൽകട—
ന്നീടാൻ കടാക്ഷിക്കണം.

കുട്ടമത്താകട്ടേ തന്റെ 'സമസ്യ' വഴി കേരളവ്യാസനോടുള്ള കുറുകുടി പ്രകടമാക്കാമെന്നുവെച്ചു.

കണ്ടീടാഞ്ഞിഹ കുഞ്ഞുകുട്ടനുപനാം
സാഹിത്യകൽപ്പദ്രുമേ
മിണ്ടീടാൻ കഴിയാത്തൊരിണ്ടൽ
നിരയു—
ണ്ടമ്മേ കരുംബേശ്വരി!
വേണ്ടില്ലായതിനൊട്ട
ശാന്തിയുളവാ—
യിക്കേരളവ്യാസനെ—
ക്കൊണ്ടീയുൽക്കടസങ്കടകടൽകട—
ന്നീടാൻ കടാക്ഷിക്കണം.

മറ്റൊരു ലക്കത്തിൽ ഒരു ഭാഷാന്തരത്തിനുള്ള വകയാണു വിനോദാർത്ഥം നിർദ്ദിഷ്ടമാകുന്നത്.

സുചീമുഖേന സകുദേവ കൃത
പ്രണസ്തവം
മുക്തീകലാപിലും സിസ്സനയോ:
പ്രീയായാ:

ബാണൈ സുരസ്യ ശതശോ
വിനികൃത്ത മമ്മാ
സ്വപ്നേപിതാം കഥമഹം
നവിലോകയാമി

ഇതിനു പ്രസാധകൻ എന്ന നിലയിൽ പി. കേരളവർമ്മ തമ്പുരാൻ ഒരു ഭാഷാന്തരം മാതൃകയായി കൊടുത്തിരുന്നതാണു്.

ഒരിക്കൽ ത്താൻ സൂചീമുന
തന്നവിലേറ്റുള്ളൊരു നീന—
ക്കിരിക്കാനക്കാന്തി മുലമലകം
മുക്താഭരണമോ
പരുക്കേറും നൂറമ്പുതുതവണ
മാരാസ്ത്ര നിരയാ—
ലുറക്കത്തിൽപ്പോലും സതിമമ
മീഴിക്കെന്തകലുവാൻ

ഇതിനു മുമ്പ് എസ്. പത്മനാപ്പേണിക്കർ തയ്യാറാക്കിയ ഭാഷാന്തരം നോക്കുക.

സൂചൃഗ്രത്താലൊരൊറത്തവണ
മുറിവു സി—

ദ്ധിച്ചുമത്തേ! ഭവാനെൻ
കച്ചേലും കൊങ്കയാം തൻ
കുചതടല്പനം
ചെയ്യുമേവുന്നവല്ലോ
വാച്ചീടും കാമബാണം
പലപൊഴുതുടലിൽ
ക്കൊണ്ടുഞാനെന്തുകൊണ്ടാ —
സ്പിച്ചിപ്പൂമേനിയാളെ
സ്വപ്നമിഴിയിലും
ഹന്ത! ദർശിച്ചിടാത്ത

കുട്ടമത്തിന്റെ ഭാഷാന്തരം നോക്കൂ.

പുണ്ണിയന്നതുമൊരിസ്സൽ
മാത്രമെങ്കിലും സൂചിയാ—
ലതിനു നീക്കിയൽ
കണ്ണിതന്മുലകളിൽപ്പതിച്ചു
തിരിയുന്നമുള്ള
മണിമാല്യമേ!

നണ്ണിടെൻ കഥയെ,
നൂറുവട്ടമസമാസ്ത്രനാൽ
സകലമമ്മവും
ഖണ്ഡിതം മമ, കിനിവിലും
മിഴിയിണയ്ക്കു, ദൃശ്യ
യവളെന്തഹോ.

ഇത്തവണ ഒരു വി. പി. ഗോവിന്ദൻ നായനാർ എന്നാളെക്കൊണ്ടും ഒരു വിവർത്തനം അയപ്പിക്കാൻ കുട്ടമത്തിനു കഴിഞ്ഞു.

ഹാരാഢ്യ! സൂചി മുറിവേറ്റതു
കൊണ്ടൊരിക്കൽ
ദാരങ്ങതന്മുലയി ൽ
നീ തിരിയുന്ന നിത്യം
മാരാസ്ത്രധോരണിയിൽ
മമ്മമുടഞ്ഞുറങ്ങും
നേരത്തുമായവളുദ്യനമുക്കുകഷ്ടം

അങ്ങിനെ ഉത്തരകേരളത്തിന്റെ അഭിമാനം പാലിക്കാൻ കുട്ടമത്തു എന്നും മുൻപന്തിയിൽ നിന്നിട്ടുണ്ടു്.

മലയാളത്തിലും സംസ്കൃതത്തിലും കവിതാരചനയിൽ കുതുഹസ്സനായിരുന്ന കുട്ടമത്തു മനംനൊന്തു വിലപിക്കുകയുണ്ടായി പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മയുടെ ചരമത്തിൽ. രണ്ടു ശ്ലോകം മലയാളത്തിലും രണ്ടുശ്ലോകം സംസ്കൃതത്തിലുമാക്കി. ചരമവർഷവും മാസവും മറ്റും സൂചിപ്പിക്കാനും മറന്നില്ല. വി ജ്ഞാനചിന്താമണി എന്ന സംസ്കൃതം മാസിക സാരസ്വതോദ്യോതിനി എന്ന സംസ്കൃതകലാലയം എന്നിവയുടെ സ്ഥാപകൻ എന്ന നിലയ്ക്കും നിരവധി ശിഷ്യർക്കു മാതൃകാഗുരുനാഥനെന്ന നിലയ്ക്കും പുന്നശ്ശേരിയുടെ ചരമത്തിൽ ആരുതാൻ ദുഃഖിയ്ക്കുയില്ല എന്നതാണു ആദ്യ

ത്തെ രണ്ടു ശ്ലോകങ്ങൾകൊണ്ടു സൂചിപ്പിച്ചതു്.

ഗൈർവ്വാണിക്കു പതക്കമായ് വിലസിനീ
വിജ്ഞാനചിന്താമണേ!
പൂർവ്വാചാര്യകുലത്തിനിന്ദുകല നീ
സാരസ്വതോദ്യോതിനി!
സാർവ്വാത്മ്യം ശ്രുതിപോലെ ശാസ്ത്രനിരയിൽ
കാണിച്ച സൽപ്രജ്ഞ പൂ—
ണ്ടാർവാണൂകൃതകൃത്യനഗ്രഗ വരൻ
ദ്യോവീകൽ നക്ഷത്രമായ്
ആ ജന്മബ്രഹ്മചര്യം, ദൃഢത
നിജതപ—
ശ്ചര്യയിൽ, ശാസ്ത്രചർച്ചാ—
ദ്രാജന്മാധുര്യ വാഗ്ധോരണീ
സദസി, സദാ
സർവ്വലോക പ്രിയത്വം,
നൈജം ശിഷ്യവ്രജത്തിൽ
ശ്രുഭഗതിയിലതി—
ശ്രദ്ധയേവം പവിത്രം
ഭ്രജന്മംകൊണ്ടു കാണിച്ചിതു
നിജപരമോ—
ദ്ദേശമെൻ ദേശികേന്ദ്രൻ.

ആ മഹജീവിതംകൊണ്ടു കേരളഭൂമി ധന്യയായിരിക്കയാണു. ശങ്കരാചാര്യരുടെ കാലഘട്ടം അനുസ്മരിപ്പിക്കുന്നതായിരുന്ന പുന്നശ്ശേരിയുടെ പൈർവ്വാണസപര്യയ്ക്കായുള്ള മാതൃകാജീവിതം.

മാതഃ കേരളധാത്രിയഃ സുവിദിതഃ
സൽപുത്ര ഭാഗ്യോദയഃ
ശ്രീമച്ഛങ്കര പൂജ്യപാദ മുഖ വി—
ദ്വദ്ഭ്യ സ്സ്വായാ സഞ്ചിതഃ
സ പ്രത്യഗ്ര മയൂഖലോകസമവേൽ
ശ്രീ ''നീലകണ്ഠ'' ദ്വിജ
ശ്രേഷ്ഠസ്യോദയതസ്സ യസ്യ മഹതഃ
കഷ്ടം സ ചാസ്തം ഗത.

1111 ചിങ്ങം 9നായിരുന്ന ചരമമെന്നു സൂചിപ്പിച്ചുകൊണ്ടുള്ള അടുത്ത ശ്ലോകവും ശ്രദ്ധേയമായിരിക്കുന്നു.

കാര്യായിന്യഃ സമാരാധന
നിഹിതമതി
ന്നിത്യമീഹാംബികായാ
യോയം ധീരം ദിനേശപ്രഭമിവി
വിദുഷാം
സിംഹമാസേ വ്യ ക്ഷേത്യാ
യത്തേജാംസ്യാ വിരാസന്നഹ
കില ബഹ്വഗാ
സ്ത്രാണിയൽ കണ്ഠഘോഷാഃ
സോയം സച്ഛം ശിവബ്രാഹ്മണ
മണി രഗമ—
ന്നീലകണ്ഠാദിധാനഃ

ഏതു നിലയ്ക്കും ഉത്തരകേരളം കണ്ടിട്ടുള്ള ഉത്തമകവികളായി മൂന്നുപേരെ പറയുമ്പോഴും, പെരുശേരിക്കും കുഞ്ഞിരാമൻ നായർക്കും നടുവിൽനില്ക്കാൻ സർവ്വഥാ സമർഹനായ ഒരു മഹദ് വ്യക്തിയായിരുന്ന കുട്ടമത്തു കുന്നിയൂർ കുഞ്ഞികൃഷ്ണക്കുറുപ്പ് എന്നതു് നിർവ്വിവാദമാണു്. പേരിനു മാത്രമല്ല ജീവിതത്തിലൂടനീളം കലർന്നുപിടിച്ച വണ്ണപ്പകിട്ടോടുകൂടിയ അന്തസ്സുറ്റ കവിയും മറ്റൊരാളല്ല. ആ മഹദ് വ്യക്തിത്വത്തിന്റെ പാരമ്പര്യമെങ്കിലും നിലനിത്താൻ തപസ്യാപ്രവർത്തകർ ബാധ്യസ്ഥരാണെന്ന വസ്തുതകൂടി സൂചിപ്പിച്ചു നിർത്തട്ടേ.